മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, അന്ധവിദ്യാർത്ഥികളെ ആക്രമിച്ചവർക്കെതിരായി ഒരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല. ഗവൺമെന്റ് കോളേജ് ഹോസ്റ്റലിലെ അന്തേവാസികളായ രണ്ട് അന്ധവിദ്യാർത്ഥികൾ ഹോസ്റ്റൽ പരിസരത്തുവച്ച് കയ്യേറ്റം ചെയ്യപ്പെട്ടത് ഗൗരവത്തോടുകൂടി സർക്കാർ കാണുകയാണ്. അതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യില്ല. പോലീസ് കേസന്വേഷണം ഊർജ്ജിതമായി നടത്തി വരികയാണ്. കേസിലെ പ്രധാന പ്രതികളായ രണ്ടുപേരെ പിടികൂടാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആ സംഭവത്തിൽ യാതൊരു രാഷ്ട്രീയ പ്രശ്നങ്ങളുമില്ല, വിട്ടുവീഴ്ചയുമില്ല. ഏതെങ്കിലും രീതിയിലുള്ള സംഘടനാ പ്രവർത്തനങ്ങളുടേയോ രാഷ്ട്രീയ പ്രവർത്തനങ്ങളുടേയോ ഭാഗമായിട്ടല്ല ഈ സംഭവം ഉണ്ടായത് എന്നാണ് മനസ്സിലാക്കുന്നത്. വിദ്യാർത്ഥികൾ തമ്മിലുള്ള വ്യക്തി താൽപര്യത്തിന്റെ പേരിലുള്ള ഒരു തർക്ക പ്രശ്നത്തിനെ രാഷ്ട്രീയ നിറം നൽകി മുതലെടുപ്പ് നടത്താൻ ശ്രമിക്കുന്നത് ശരിയല്ല. പ്രശ്നം ഗൗരവമായെടുത്ത് പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലത്ത് യാതൊരു സംഘർഷസ്ഥിതിയുമില്ല. സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യം ഉണ്ടെന്ന് കരുതുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയത്തിനുള്ള അനുമതി നിഷേധിക്കുന്നു.

IV ശ്രദ്ധക്ഷണിക്കൽ

(1) കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ബി.എഡ്. കോഴ്സിന് സീറ്റ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജി : സർ, എഴുതിത്തന്നതിൽ ഈ കാര്യം വളരെ വ്യക്തമാണ്. മേപ്പയൂർ സലാഫി എഡ്യൂക്കേഷൻ കോംപ്ലക്സ് 8 ഉയർന്ന സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. കട്ടുതിന്നും പിടിയരിയും മറ്റും ജനങ്ങളോട് ഞങ്ങളുടെ പ്രവർത്തകൻമാർ കൈകാട്ടി ഇരന്നും ആണ് ഈ സ്ഥാപനം നടത്തുന്നത്. ഈ രാജ്യത്തെ അദ്ധ്യാപക പരിശീലനം കിട്ടിയ ആളുകൾക്ക് എവിടെയെങ്കിലും പോയി ജോലി ചെയ്യാൻ സാധിക്കും. ഞങ്ങൾ അവിടെനിന്നും പുറത്തുവിടുന്ന വിദ്യാർത്ഥികളോട് പറയാറുണ്ട്, നിങ്ങൾക്ക് എവിടെയെങ്കിലും ജോലി കിട്ടിയാൽ വിവരം ഞങ്ങളെ അറിയിക്കണമെന്ന്. ഞങ്ങൾക്ക് സന്തോഷിക്കാൻ മാത്രം. ആ സ്ഥാപനത്തിൽ 20 വിദ്യാർത്ഥികളെക്കൂടി പ്രവേശിപ്പിക്കണം എന്നുള്ള ആവശ്യം ഞാൻ ഇവിടെ എഴുതിത്തന്നിരിക്കുന്നതിൽ വളരെ വ്യക്തമാണ്. അത് സ്പഷ്ടമായും അങ്ങ് മനസ്സിലാക്കി 20 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് അവർക്ക് അദ്ധ്യാപക പരിശീലനം കൊടുക്കണം. ഗവൺമെന്റിന്റെ അപര്യാപ്തത എനിക്ക് നന്നായറിയാം. അണ്ണാറക്കണ്ണനും തന്നാലായത് എന്നുള്ള നിലയ്ക്ക് ഈ 20 വിദ്യാർത്ഥികൾക്ക് കൂടി ജോലി നേടാനുള്ള ഒരു യോഗ്യതയായി അത് പരിഗണിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതു പറയുമ്പോൾ ഒരു കാര്യംകൂടി ഞാൻ പറയട്ടെ. എന്റെ നാട്ടിൽ ചെങ്കല്ലുപേറിയും മറ്റു സമയങ്ങളിൽ പോയി പഠിച്ചും

LIBRARY ARCHIVES Kerala Legislative Assembly

ബി.എ. പാസ്സായി വരുന്ന ഒരുപാട് പെൺകുട്ടികളുണ്ട്. ഇവരെയെല്ലാം ഇവിടെ എടുത്ത് ഈ സമയം അദ്ധ്യാപക പരിശീലനം കൊടുത്തുവരുന്നു. അദ്ധ്യാപകരിൽ നിന്നോ, വിദ്യാർത്ഥികളിൽ നിന്നോ ഒരു നയാപൈസ കോഴയായോ, മറ്റ് നിലയ്ക്കോ ഞങ്ങൾ സ്വീകരിക്കുന്നില്ല. ഈ സ്ഥാപനം ഉയർത്തിയെടുക്കുന്നതിന് ഗവൺമെന്റിന്റെ കഴിവിനെ സംബന്ധിച്ച് ഇവിടെ പ്രസ്താവിക്കപ്പെട്ടു. ആയിരം വിദ്യാർത്ഥികൾക്കു മാത്രമേ ഈ വിധത്തിലുള്ള ആനുകൂല്യം നൽകാൻ ഗവൺമെന്റിനു സാധിക്കുകയുള്ളൂ എന്ന് ഇവിടെ പ്രസ്താവിക്കപ്പെട്ടു. ഇതിൽ അണ്ണാറക്കണ്ണനും തന്നാലാകുന്നത് എന്നുള്ള നിലയ്ക്ക് 20 വിദ്യാർത്ഥികൾക്ക് പ്രവേശനം കൊടുത്ത് അവരെ അദ്ധ്യാപക ജോലിക്ക് പ്രാപ്തരാക്കാൻവേണ്ടി ഞങ്ങൾ നടത്തുന്ന സംരംഭത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് അനുഭാവപൂർവ്വം വീക്ഷിക്കണമെന്നും അഭ്യർത്ഥിക്കുന്നു. കൂടാതെ ഈ സ്ഥാപനത്തിന് 20 കുട്ടികളെ സ്ഥിരമായി പ്രവേശിപ്പിക്കാൻ അനുവാദം തന്ന് ഈ സ്ഥാപനത്തേയും ഞങ്ങളുടെ നാട്ടിലെ അധഃസ്ഥിതരും ആലംബഹീനരുമായ വിദ്യാർത്ഥികളേയും രക്ഷിക്കാനുതകുന്ന വിധത്തിൽ ചെയ്യാൻ കഴിവുള്ള കാര്യങ്ങൾ ചെയ്യണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, മേപ്പയൂർ സലാഫി ബി.എഡ്. കോളേജിൽ ബി.എഡ്. കോഴ്സിന് നിലവിലുള്ള 100 സീറ്റിൽ നിന്നും 120 സീറ്റായി വർദ്ധിപ്പിക്കാൻ ഒരു നിവേദനം ബഹുമാനപ്പെട്ട അബ്ദുറഹിമാൻ ഹാജി എം.എൽ.എ. എനിക്ക് മുമ്പും നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഒരു റിപ്പോർട്ട് ചോദിച്ചു. ആ റിപ്പോർട്ട് ഇതുവരെ കിട്ടിയില്ല. എങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചെയ്യേണ്ടത് ഒരു എൻ.ഒ.സി. കൊടുക്കുക എന്നുള്ളതാണ്. 100 സീറ്റ് എന്നുള്ളത് 120 സീറ്റ് ആക്കുന്നതിനെ സംബന്ധിച്ച് ഞാൻ കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ ലിസ്റ്റ് എടുത്തു നോക്കിയപ്പോൾ അവിടെയും മിക്കവാറും കോളേജുകളിലൊക്കെ 120 സീറ്റുണ്ട്. അതുകൊണ്ട് ഇത് ന്യായമായ ആവശ്യമായി പരിഗണിച്ച് 120 സീറ്റാക്കാനുള്ള എൻ.ഒ.സി. കൊടുക്കാൻ ഓർഡർ ഇട്ടിട്ടുണ്ട്. ഇനി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടാൽ മതി.

ശ്രീ. അബ്ദുറഹിമാൻ ഹാജി : സർ, ഇനി യൂണിവേഴ്സിറ്റിക്ക് എന്തെങ്കിലും തടസ്സമുണ്ടാക്കാൻ കഴിയുമോ?

ശ്രീ. പി. ജെ. ജോസഫ് : അവിടെ അതിനുള്ള സൗകര്യങ്ങൾ ഉണ്ടോ എന്നൊക്കെ നോക്കേണ്ടത് യൂണിവേഴ്സിറ്റിയാണ്. അതുകൊണ്ട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ ഒരു പ്രതിനിധി അവിടെവന്ന് അവരുമായി ബന്ധപ്പെടണം. അവസാനമായി അഫിലിയേഷൻ തരേണ്ടത് അവരാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എൻ.ഒ.സി. നൽകിയിട്ടുണ്ട്. ഇനി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെടണം. യൂണിവേഴ്സിറ്റിയുടെ ആട്ടോണമിയിൽ കൈകടത്താൻ കഴിയില്ല. യൂണിവേഴ്സിറ്റിയാണ് അവസാനമായി തീരുമാനമെടുക്കേണ്ടത്. സാധാരണഗതിയിൽ യൂണിവേഴ്സിറ്റി തർക്കിക്കേണ്ട കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly